വൈദ്യുതപദ്ധതികളുടെ നിർമ്മാണത്തിന് വിദേശ ഏജൻസികളുടെ സാങ്കേതിക/സാമ്പത്തിക സഹായം സ്വീകരിക്കുന്ന നയം

29 (*648)ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിന് വിദേശ ഏജൻസികളുടെ സാങ്കേതിക/സാമ്പത്തിക സഹായം സ്വീകരിക്കുവാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ടോ: എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) വിദേശരാജ്യങ്ങളിലെ സ്വകാര്യ ഏജൻസികളുമായോ സർക്കാർ സ്ഥാപനങ്ങളുമായോ ഗവണ്മെന്റ് ഒപ്പു വയ്ക്കുന്ന ധാരണാപത്രം സംസ്ഥാന താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് കണ്ടെത്തിയാൽ ഉഭയസമ്മത പ്രകാരം റദ്ദാക്കാനോ; ഭേദഗതി ചെയ്യാനോ വ്യവസ്ഥയുണ്ടോ;

(സി) എസ്.എൻ.സി. ലാവ്‌ലിൻ എന്ന കനേഡിയൻ കമ്പനിയുമായി ഒപ്പുവച്ച ധാരണാപത്രം സംസ്ഥാനത്തിന്റെ ഉത്തമതാൽപ്പര്യങ്ങൾക്ക് വിരുദ്ധമാകാമെന്ന് ഗവണ്മെന്റ് കരുതുന്നുണ്ടോ;

(ഡി) ഈ ധാരണാപത്രം ഒപ്പുവയ്ക്കുമ്പോൾ ഈ കമ്പനിക്കെതിരെ വിജിലൻസ് അന്വേഷണം നിലവിലുണ്ടായിരുന്നോ;

(ഇ) വിജിലൻസ് അന്വേഷണം ഈ ഗവണ്മെന്റ് അധികാരമേറ്റ ശേഷം ആണോ ഉത്തരവായത് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) എങ്കിൽ വിജിലൻസ് അന്വേഷണം ഉത്തരവായ സാഹചര്യത്തിൽ മുൻ ധാരണാപത്രം പുനഃപരിശോധിക്കണമെന്ന് ഗവണ്മെന്റ് കരുതുന്നുണ്ടോ;

(ജി) ഈ ധാരണാപത്രം ഔദ്യോഗിക രഹസ്യരേഖയാണെന്ന് ഗവണ്മെന്റ് കരുതുന്നുണ്ടോ: എങ്കിൽ ഏത് നിയമവ്യവസ്ഥ അനുസരിച്ചാണ് അത് ഔദ്യോഗിക രഹസ്യ രേഖയായി നിശ്ചയിച്ചതെന്ന് വെളിപ്പെടുത്താമോ;

(എച്ച്) നിയമത്തിൽ അനുശാസിക്കുന്ന രഹസ്യ രേഖയാണെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) വൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിന് ആവശ്യമെങ്കിൽ വിദേശ ഏജൻസികളുടെ സാങ്കേതികവും സാമ്പത്തികവുമായ സഹായം സർക്കാർ സ്വീകരിക്കാറുണ്ട്. 1998-ൽ ചൈനയിലെ എച്ച്.ഐ.സി/ഐ.എൽ. എസ്.എസ്.പി. എന്ന സ്ഥാപനവുമായി സർക്കാർ ഒപ്പുവച്ച ധാരണാപത്രമനുസരിച്ച് 18 ചെറുകിട വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ സാങ്കേതിക സഹകരണവും യന്ത്രസാമഗ്രികളുടെ 85% എക്സ്പോർട്ട് ക്രെഡിനും ചൈനയിൽ നിന്നും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) സാധാരണയായി കരാർ ഒപ്പു വയ്ക്കുന്നതിന് മുമ്പ് എപ്പോൾ വേണമെങ്കിലും ധാരണാപത്രം റദ്ദാക്കാനുള്ള വ്യവസ്ഥ ധാരണാപത്രത്തിൽ ഉൾപ്പെടുത്താറുണ്ട്.

(സി) എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനിയുമായി പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പദ്ധതികളുടെ നവീകരണം സംബന്ധിച്ച് 10.8.95-ൽ വൈദ്യുതി ബോർഡ് ഒരു ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. തല

LIBRARY ARCHIVES Kerala Legislative Assembly

ശ്ശേരിയിലെ കാൻസർ ആശുപത്രി നിർമ്മാണം സംബന്ധിച്ച് സർക്കാർ 25.4.98ൽ മറ്റൊരു ധാരണാപത്രത്തിലും ഒപ്പു വച്ചിട്ടുണ്ട്. ഈ സംസ്ഥാന ത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് സർക്കാർ കരുതുന്നില്ല.

(ഡി) സർക്കാർ ധാരണാപത്രം ഒപ്പുവയ്ക്കുമ്പോൾ ടീ കമ്പനിയുടെ പേരിൽ വിജിലൻസ് അന്വേഷണം നിലവിലുണ്ടായിരുന്നു.

(ഇ) അതെ.

(എഫ്) ഇല്ല. വിജിലൻസ് അന്വേഷണം നടക്കുന്നതുകൊണ്ട് മാത്രം ഒരു കമ്പനി കുറ്റക്കാരാണെന്ന് കണ്ട് നടപടി സ്വീകരിക്കാൻ വ്യവസ്ഥയില്ല.

(ജി) കരുതുന്നില്ല

(എച്ച്) ധാരണാപത്രങ്ങളുടെ പകർപ്പ്[†] അടക്കം ചെയ്തിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ

1 (3400)ശ്രീ. ബി വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ രൂപീ കൃതമായതെന്നാണ്; ഇതിന്റെ സംസ്ഥാന ആഫീസ് ഏതു ജില്ലയിൽ പ്രവർത്തിക്കുന്നു. സംസ്ഥാനമൊട്ടാകെ ഈ കോർപ്പറേഷന് എത്ര റീജിയ ണൽ ആഫീസുകൾ ഉണ്ട്; അതെവിടെയെല്ലാമാണ് എന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാന ആഫീസുകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വിവിധ ആഫീസുകൾക്കായി എത്ര തസ്തികകൾ സർക്കാർ അനുവ ദിച്ചിട്ടുണ്ട്; ഈ തസ്തികകളിലെ നിയമനം ഏതു വ്യവസ്ഥയിലാണിപ്പോൾ നടത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രവർത്തനം ആരംഭിച്ചതുമുതൽ താൽക്കാലികാടിസ്ഥാന ത്തിൽ ദിവസവേതനത്തിൽ എത്രപേർ ജോലി ചെയ്തിരുന്നു; ഇവർ എത്ര വർഷം ജോലി ചെയ്തിരുന്നു; ഇവരിൽ എത്ര പേരെ പിരിച്ചയച്ചു; അതിനു കാരണമെന്തായിരുന്നു; ദിവസവേതനത്തിൽ ഇപ്പോൾ എത്ര പേർ ജോലി ചെയ്യുന്നു. പിരിച്ചു വിട്ടവരുടെ പ്രശ്നം ഇപ്പോൾ ജില്ലാ ലേബർ ആഫീസറുടെ പരിഗണനയിലുണ്ടോ;

(ഡി) ഇവരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് കോർപ്പറേഷൻ എന്തെങ്കിലും വ്യവസ്ഥ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ;

(ഇ) കോർപ്പറേഷനിലെ നിയമനങ്ങൾ പി.എസ്.സി. യ്ക്കു വിടുന്ന തിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; നിയമനങ്ങൾ എന്നത്തേയ്ക്ക് പി.എസ്. സി.ക്ക് വിടുമെന്ന് അറിയിക്കുമോ;

(എഫ്) ഇവിടെ നേരിട്ട് നിയമനം നടത്താൻ മാനേജ്മെന്റ് ശ്രമി ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ പ്രസ്തുത നീക്കം തടയുവാൻ നടപടി സ്വീക രിക്കുമോ;

[†] അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

(28.3.2000-ത്തിലെ ചോദ്യം 24(*643)-ന്റെ ഉത്തരം ദയവായി കാണുക.)

രണ്ടായിരമാണ്ടോടുകൂടി എല്ലാവർക്കും കുടിവെള്ളം എന്ന പദ്ധതി പ്രകാരം മൊത്തം 128 പദ്ധതികൾ പൂർത്തീകരിച്ചു. 03.2000-ത്തിനകം കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 1998-99-ൽ 65 പ്രധാന പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടതിൽ 39 പദ്ധതികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന 26 പദ്ധതികൾ ഉൾപ്പെടെ 1999-2000-ൽ 48 പദ്ധതികളും 2000-2001-ൽ 41 പദ്ധതികളും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കൂടാതെ മേൽപ്പറഞ്ഞ പദ്ധതിയുടെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ ചുമതലയിൽ 2144 എൻ.സി/പി.സി വാർഡുകളിൽ 40 എൽ.പി.സി.ഡി. നിരക്കിലും 50 മുനിസിപ്പൽ/സെൻസസ് ഠൗൺ വാർഡുകളിൽ 70 എൽ.പി.സി.ഡി. നിരക്കിലും 2000-2001-ഓടെ ശുദ്ധജലം എത്തിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ 651 എൻ.സി./പി.സി. വാർഡുകളിലേക്കുള്ള പദ്ധതികൾക്ക് 43.16 കോടി രൂപയുടെ ധനാനുമതി നൽകിക്കഴിഞ്ഞു. മുനിസിപ്പൽ/സെൻസസ് ഠൗൺ വാർഡുകളിലേക്കുള്ള പദ്ധതികൾക്ക് പ്രൊപ്പോസലുകൾ തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച പദ്ധതിയുടെ മൊത്തം ചെലവ് കണക്കാക്കിയിട്ടുള്ളത് 1423.00 കോടി രൂപയാണ്. ഇതിൽ ജല അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികൾക്കുമാത്രം 795.78 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഈ വർഷം കേരളാ ജല അതോറിറ്റിക്ക് 15 കോടി രൂപ പ്രത്യേകമായി ഇതിന് അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം ബാങ്കുകളിൽനിന്നും വായ്പകൾ സ്വരൂപിച്ചും, കടപ്പത്രങ്ങൾ ഇറക്കിയും, ഉപഭോക്താക്കളിൽനിന്നുള്ള കോൺട്രിബ്യൂഷൻ മുഖേനയും ആവശ്യമായ ധനസമ്പാദനത്തിന് ഉന്നതതല കമ്മിറ്റി റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

അനുബന്ധം VII

(28.3.2000-ത്തിലെ ചോദ്യം 29 (*648)-ന്റെ ഉത്തരം ദയവായി കാണുക.)

MEMORANDUM OF UNDERSTANDING

entered into between

KERALA STATE ELECTRICITY BOARD (KSEB), established under the laws of India the State of Kerala with its head office at Vydyuthi Bhavan,Pattom, Trivandrum- 695004, Kerala, India.

AND

SNC-LAVALIN INC. (SLI), incorporated under the laws of Canada with its head office at 2 Place Felix Martin, 455 Rene Levesque Blvd. West, Montreal, Quebec, H2Z 1Z3, Canada.

WHEREAS, KSEB has, in its mandate to supply the electricity needs of the State of Kerala, the responsibility to maintain, rehabilitate and upgrade the existing generating facilities of the State.

WHEREAS, KSEB has, in its jurisdiction, a number of existing hydroelectric projects to be refurnished and upgraded and has decided to proceed with implementation.

LIBRARY ARCHIVES Kerala Legislative Assembly